# <u>പരിപത്രം</u>

നമ്പർ E5-24635/2011

സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം,
തീയതി : 02..08..2011

വിഷയം: സാ.ക്ഷേ.വ - ജീവനക്കാര്യം - സ്ഥലംമാറ്റം-വിടുതൽ ചെയ്യുന്നത് സംബന്ധിച്ച്.

സൂചന:- വിവിധ കാര്യാലയങ്ങളിൽ നിന്നുള്ള റിപ്പോർട്ടുകൾ.

***

സാമൂഹ്യക്ഷേമ വകുപ്പിൽ നിലവിൽ എല്ലാ സ്ഥലംമാറ്റങ്ങളും വകുപ്പ് അദ്ധ്യക്ഷൻ മുഖേനയാണ് നടക്കുന്നത്. ഉത്തരവുകൾ പുറപ്പെടുവിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും കാര്യാലയ മേധാവികൾ പലരും സ്ഥലംമാറ്റപ്പെട്ട ജീവനക്കാരെ യഥാസമയം വിടുതൽ ചെയ്യുന്നില്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്. സാമൂഹ്യക്ഷേമ ഡയറക്ടറുടെ ഉത്തരവിനെ അർഹിക്കുന്ന ഗൗരവത്തോടെ കാണാത്ത ഇത്തരം പ്രവർത്തികൾ കീഴ്കാര്യാലങ്ങളിൽ ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതീവ ഗൗരവത്തോടെ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

ഇനിമുതൽക്ക് ജീവനക്കാരുടെ വിഭാഗത്തിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ/സ്ഥലംമാറ്റങ്ങൾ/പരിപത്രങ്ങൾ എന്നിവ തപാലിൽ അയച്ചുതരുന്നതല്ല. എല്ലാ സാമൂഹ്യക്ഷേമ വകുപ്പിന്റെ സൈറ്റിൽ പ്രദർശിപ്പിച്ചിരിക്കും.

സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ തന്നെ ആ ഉത്തരവ് ഇന്റർനെറ്റിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ സൈറ്റിൽ (www.swd.kerala.gov.in) പ്രദർശിപ്പിക്കുന്നുണ്ട്. എല്ലാ കീഴ്കാര്യാലയങ്ങൾക്കും ഇന്റർനെറ്റ് സംവിധാനം നിലവിലുള്ള സാഹചര്യത്തിൽ എല്ലാ ദിവസവും സൈറ്റിൽ ഉത്തരവുകൾ/അറിയിപ്പുകൾ വന്നിട്ടുണ്ടോയെന്ന് കാര്യാലയമേധാവികൾ ഉറപ്പു വരുത്തേണ്ടതാണ്.

സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിൽ നിന്നുള്ള ഉത്തരവുകൾ കീഴ് കാര്യാലയങ്ങളിൽ ലഭിക്കുന്നതിനായി സൈറ്റിൽ വന്ന ഉത്തരവിന്റെ പകർപ്പ് എടുത്ത് ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം സ്ഥലംമാറ്റപ്പെട്ട ജീവനക്കാരെ വിടുതൽ ചെയ്യാനും അതുസംബന്ധിച്ച റിപ്പോർട്ട് യഥാസമയം ഡയറക്ടറേറ്റിൽ അയച്ചുതരുന്നതിനും കാര്യാലയ മേധാവികൾ ശ്രദ്ധിച്ചിരിക്കണം.

ജീവനക്കാർ ജോലിയിൽ പ്രവേശിക്കുന്നതും/വിടുതൽ ചെയ്യുന്നതുമായ വിവരങ്ങൾ ഈ കാര്യാലയത്തിൽ യഥാസമയം റിപ്പോർട്ട് ചെയ്തിരിക്കണം. ഇപ്രകാരം ചെയ്യാത്ത കാര്യാലയ മേധാവികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

ജില്ലയിലെ കീഴ്കാര്യാലയങ്ങളിൽ ഈ ഉത്തരവ് രണ്ടു ദിവസത്തിനകം നടപ്പിലാക്കുന്നുണ്ടോയെന്നും ഇല്ലായെങ്കിൽ ആയത് നടപ്പിലാക്കാനും അതാത് ജില്ലാ സാമൂഹ്യക്ഷേമ ആഫീസർമാർ ശ്രദ്ധിച്ചിരിക്കണം.

**(ഒപ്പ്)**
**സാമൂഹ്യക്ഷേമ ഡയറക്ടർ**

പകർപ്പ്

എല്ലാ കീഴ്കാര്യാലയ മേധാവികൾക്കും
ഇ1-ഇ9
സ്റ്റോക്ക്

ഉത്തരവിൻപ്രകാരം,

**സൂപ്രണ്ട്.**